(19) വേലായുധൻ പിള്ളയുടെ കൊലപാതകം

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അരുവിക്കര പഞ്ചായത്തിലെ മണമ്പൂർ എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞമാസം 18-ാം തീയതി രാവിലെ ഉദ്ദേശം അൻപത്തിയഞ്ചു വയസ്സു പ്രായംവരുന്ന വേലായുധൻപിള്ളയെന്ന ആളിന്റെ മൃതദേഹം കണ്ടെത്തുകയുണ്ടായി. അതിനെക്കുറിച്ച് ആളുകൾ റിപ്പോർട്ട് ചെയ്തതനുസരിച്ച് പോലീസും പാർട്ടിയും എത്തി പോസ്റ്റുമോർട്ടം നടത്തി. അതൊരു കൊലപാതകമാണെന്ന് വളരെ വ്യക്തമായിട്ട് തെളിഞ്ഞിരിക്കുകയാണ്. പക്ഷേ ഇതുവരെ കേസ് ചാർജ് ചെയ്തു രജിസ്റ്റർ ചെയ്തിട്ടില്ല. രണ്ടോമൂന്നോ ആളുകളെ ഇതിന്റെ പേരിൽ സംശയിക്കുന്നുണ്ട്. കുറ്റംചെയ്തുവെന്ന് ജനങ്ങൾ സംശയിക്കുന്ന ആളുകളെ വിടുവിക്കാനും കുറ്റം ചെയ്യാത്ത ആളുകളെ കേസ്സിൽ കുടുക്കുവാനും ഉള്ള ശ്രമങ്ങൾ പല ഭാഗത്തുനിന്നും നടക്കുന്നുണ്ട്. അതുകൊണ്ട് ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് കാര്യമായ അന്വേഷണം നടത്തുകയും കുറ്റവാളികളുടെ പേരിൽ അടിയന്തിരമായ നടപടികളെടുക്കുകയും വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വേലായുധൻപിള്ളയും അദ്ദേഹത്തിന്റെ അയൽക്കാരനായ വാസുദേവൻപിള്ളയും തമ്മിൽ എപ്പോഴും വഴക്കാണ്. രണ്ടുകൂട്ടരും നന്നായി മദ്യപിക്കുകയും ചെയ്യും. അങ്ങനെ ഒരു ദിവസം മദ്യപിച്ച് ഓവർ ആയി വഴിയിൽ കിടന്നു. എതായാലും വേലായുധൻപിള്ള കൊലചെയ്യപ്പെട്ടു. അതിനെ സംബന്ധിച്ച് കേസു രജിസ്റ്റർ ചെയ്യുക മാത്രമല്ല, പ്രതിയായ വാസുദേവൻപിള്ളയെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി, കോടതി അദ്ദേഹത്തെ കസ്റ്റഡിയിൽ വച്ചിരിക്കുകയാണ്. കേസ് ശരിയായിട്ട് മുന്നോട്ടു പോകുന്നുണ്ട്.

(20) കൊടുങ്ങല്ലൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീ. വി. കെ. രാജൻ: സർ, കൊടുങ്ങല്ലൂർ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പുരാതന കേരളത്തിന്റെ തലസ്ഥാനവും പ്രമുഖ തുറമുഖകേന്ദ്രവും വാണിജ്യ-വ്യാപാര രംഗത്ത് തനതായ വ്യക്തിത്വം ഉയർത്തിപ്പിടിച്ചിരിക്കുന്നതുമായ സ്ഥലമാണ് കൊടുങ്ങല്ലൂർ. ഇൻഡ്യയിലെ മുസ്ലീം മത പ്രവാചകനും ക്രിസ്തു മതപ്രവാചകനും ആദ്യമായി പ്രാർത്ഥിക്കുവാനും മതപരമായ വിശിഷ്ടപ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുത്തതുമായ സ്ഥലമാണ് കൊടുങ്ങല്ലൂർ. അങ്ങനെ ചരിത്രപരവും വാണിജ്യപരവും മതപരവുമായ പ്രാധാന്യങ്ങൾക്കപ്പുറം മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനെപോലുള്ള ആളുകൾക്ക്, കേരളം എന്നും മാതൃപുരസ്സരം സ്മരിക്കുന്ന ആധുനിക മലയാള സാഹിത്യത്തിന് ജൻമം നൽകിയ പുണ്യപ്രദേശവും കൂടിയാണ് കൊടുങ്ങല്ലൂർ. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം, അതിന്റെ ശക്തികൊണ്ടും പ്രശസ്തികൊണ്ടും തീർത്ഥാടകരുടെ പുണ്യഭൂമി കൂടിയാണിത്. അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളെ സ്പർശിക്കുന്ന തീർത്ഥാടകരുടെ, ചരിത്രവിദ്യാർത്ഥികളുടെ, മത

LIBRARY ARCHIVES Kerala Legislative Assembly

ഡിതൻമാരുടെ, മതവിശ്വാസികളുടെ, സർവ്വോപരി വിജ്ഞാന കളായ, രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകരുടെ പ്രവാഹകേന്ദ്രവു കൊടുങ്ങല്ലൂർ. ഇവിടെനിന്നുമാണ് ഇൻഡ്യൻ തൊഴിലാളി വർഗ്ഗ ന്റെ ചരിത്രത്തിലാദ്യമായി ഒരു കമ്മ്യൂണിസ്റ്റുകാരനായ സഖാവ് ഗോപാലകൃഷ്ണമേനോൻ ബാലറ്റ് യുദ്ധത്തിൽ ജയിച്ച് ഈ നിയമ യിൽ വന്നത്.

അങ്ങനെ എല്ലാംകൊണ്ടും ശ്രദ്ധേയമായ കൊടുങ്ങല്ലൂരിൽ എത്തുന്ന തക്കാരന് ദുരിതം മാത്രമേ ഇന്നേവരെ കിട്ടിയിട്ടുള്ളൂ. കോട്ടപ്പുറം— റുവപ്പാലത്തിന്റെ ഉൽഘാടനം കഴിഞ്ഞിരിക്കുന്നു. ധാരാളം സുകളും അവിടെ എത്തുന്നുണ്ട്. ആ പ്രദേശത്ത് ഒരു കെ.എസ്. .ടി.സി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടിയുണ്ടാ ം. അതിന്റെ പ്രവർത്തനത്തിന്റെ ഉൽഘാടനംതന്നെ ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി നിർവ്വഹിച്ചതാണ്. അതുകൊണ്ട് അടിയന്തിരമായ തിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ടുങ്ങല്ലൂർ മെമ്പർ എന്നെ കബളിപ്പിച്ചു എന്നാണ് എനിക്ക് ഈ സഭയിൽ യുവാനുള്ളത്. കാരണം അവിടെ മേത്തല പഞ്ചായത്തിലെ അരാക്കുള. ീയ തൊഴിൽദാന പദ്ധതിയിൽപ്പെടുത്തി നികത്തുന്നു എന്ന പരി ിവച്ച് ബഹുമാനപ്പെട്ട മെമ്പർ എന്നെ അതിന്റെ ഉൽഘാടനത്തിന് ന്നിച്ചു. ഞാൻ അവിടെ പോയി. ഉൽഘാടനം നിർവ്വഹിച്ച് സ്ലാബി ള കർട്ടൺ നീക്കിയപ്പോഴാണ് Foundation Stone laid for Sub-depot ·R·T·C· എന്നു കണ്ടത്. ഏതായാലും സെയ്ന്റ് തോമസ് പുണ്യ ന്റെയും കൊടുങ്ങല്ലൂരമ്മയുടേയും ചേരമാൻ പെരുമാളിന്റെയും ചരിത്രപരമായ പ്രാധാന്യവും, പള്ളികളോടും അമ്പലങ്ങളോടും . വി. കെ. രാജന് വളരെ അഭിനിവേശമുണ്ടായിരിക്കുന്ന സാഹചര്യവു നക്കിലെടുത്ത് കൊടുങ്ങല്ലൂരിൽ-പറവൂരിനും ഗുരുവായൂരിനും ഇടയിൽ ഷണൽ ഹൈവേ 17—ൽ ഒരു ഓപ്പറേറ്റിംഗ് സെന്റർ അത്യന്താപേക്ഷിത ണന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. അതുകൊണ്ട് മേത്തല ഞ്ചായത്തിലെ അരാക്കുളം നികത്തി കെ.എസ്.ആർ.ടി.സി. യെ ഏൽപ്പി ുന്ന അഞ്ച് ഏക്കർ സ്ഥലം മേത്തല പഞ്ചായത്ത് 4—7—1985—ൽ ഒരു ാലൂഷൻ മുഖേന കെ. എസ്.ആർ.ടി.സി. യെ അറിയിച്ചു. ഇതിന് ു ചരിത്രമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ -9—1985—ൽ കൂടിയ 176—ാം ബോർഡ് മീറ്റിംഗിൽ താഴെക്കാണുന്ന വസ്ഥകൾക്ക് വിധേയമായി പഞ്ചായത്ത് നികത്തിത്തരുന്ന അഞ്ച് ഏക്കർ സ്ഥലത്ത് ബസ് സ്റ്റേഷൻ നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

പഞ്ചായത്ത് ചെലവിൽ കുളം നികത്തി റോഡ് ലെവലിൽ നിന്ന് സെൻറിമീറ്റർ ഉയർത്തുകയും ആവശ്യമായ ഡ്രെയിനേജ് സൗകര്യം ണ്ടാക്കുകയും ചെയ്യേണ്ടതാണ്.

മെയിൻ റോഡിനു കിഴക്കുവശമുള്ള പബ്ലിക് ഹൗസ് അവിടെ നിന്നും ിനി സ്ഥാപിക്കണം. അതിനു വേണ്ട നടപടികളും പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

വടക്കുഭാഗത്തുള്ള ലിങ്ക് റോഡ് പഞ്ചായത്തുതന്നെ സർവ്വേ ചെയ്ത് രേണ്ടതാണ്. ഈ തീരുമാനങ്ങൾ 28—11—1985—ന് മേത്തല പഞ്ചായ തിനെ അറിയിക്കുകയുണ്ടായി. ഇന്നുവരെ ആ പഞ്ചായത്തിൽ നിന്നും തിനെ സംബന്ധിച്ച് ഒരു വിവരവും കെ.എസ്.ആർ.ടി.സി.ക്ക് ലഭി ിട്ടില്ല. മറുപടി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly